പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3544 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **വനിതാ വികസന കോർപ്പറേഷനിൽ അഴിമതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.സി.കെ.സദാശിവൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | വനിതാ വികസന കേർപ്പറേഷനിൽ അഴിമതി നടക്കുന്നതിനെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, കോർപ്പറേഷൻ ചെയർപേഴ്സൺ ശ്രിമതി.ഖമറുന്നീസ മുഖ്യമന്ത്രിയ്ക്കും പഞ്ചായത്ത് വകുപ്പ് മന്ത്രിക്കും പരാതി നൽകിയിട്ടുണ്ടോ; ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന പരാതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതേകുറിച്ച് അന്വേഷിക്കുകയുണ്ടായോ; | (എ) പരാതിയുടെ പകർപ്പ് ലഭിച്ചിട്ടുണ്ട്. അന്നത്തെ മാനേജിംഗ് ഡയറക്ടറുടെ ചെയർപേഴ്സണോടുള്ള സമീപനത്തെക്കുറിച്ചും സാമ്പത്തിക അഴിതികളെകുറിച്ചും ഭരണപരമായ തെറ്റായ നടപടികളെക്കുറിച്ചും അന്വേഷിക്കണമെന്നാണ് പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ ചർച്ചയ്ക്കും ബോർഡ് തീരുമാനത്തിനും ശുപാർശയ്ക്കുമായി വനിതാ വികസന കേർപ്പറേഷൻ ചെയർമാനോട് നിർദ്ദേശിച്ചിട്ടുണ്ട് |
| (ബി) | പരാതിക്കാരിയായ ചെയർപേഴ്സൺ ഖമറുന്നീസയെ തൽസ്ഥാനത്ത് നിന്നും നീക്കുകയുണ്ടായോ; എങ്കിൽ, അവർ അറിയാതെ അവരെ തൽസ്ഥാനത്തുനിന്നും മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു ? | (ബി) ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്ത് അഡ്വ.പി.കുൽസുവിനെ 27/9/2012-ലെ സഉ(സാധാ)നം.418/12/സാക്ഷേവ പ്രകാരം വനിതാ വികസന കേർപ്പറേഷൻ ചെയർപേഴ്സൺ ആയും ശ്രിമതി.ഖമറുന്നീസ അൻവറിനെ സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡ് ചെയർപേഴ്സൺ ആയും (27/9/2012-ലെ സഉ(സാധാ)-നം.421/12/സാക്ഷേവ പ്രകാരം) നിയമിക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ